**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3879** **03-03-2023 - ൽ മറുപടിയ്ക്ക്**

**അനധികൃത കരുതൽതടങ്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ പരിപാടികൾക്ക് മുൻപ് പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാക്കളെയും പ്രവർത്തകരെയും കൂട്ടത്തോടെ പോലീസ് കരുതൽ തടങ്കലിലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ളതാണ്. കേരള മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങളാണ് മുഖ്യമന്ത്രിക്ക് നൽകി വരുന്നത്.മുഖ്യമന്ത്രിയുടെ യാത്രയ്ക്കിടെ ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ച് കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതൽ എന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 Cr.PC പ്രകാരമുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്.<br><br>151 Cr.PC പ്രകാരം പോലീസ് സ്വീകരിച്ച നടപടികൾക്കെതിരെ WP(C) No.24896/2022 പ്രകാരം നൽകിയ പെറ്റീഷനിൽ കുറ്റകൃത്യം തടയുന്നതിന് മുൻകരുതൽ എന്ന നിലയിൽ 151 Cr.PC പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിന് അധികാരമുണ്ടെന്ന കാരണത്താൽ റിട്ട് പെറ്റീഷൻ നിലനിൽക്കുന്നതല്ല എന്ന് 21.02.2023-ൽ ബഹു. കേരളാ ഹൈ ക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കരുതൽ തടങ്കൽ നിയമം തെറ്റായ രീതിയിൽ ഉപയോഗിക്കരുതെന്നും വ്യക്തികളുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും ഹനിക്കുന്ന നിയമം സാധാരണ സാഹചര്യങ്ങളിൽ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. സുപ്രീം കോടതി ഉത്തരവുകൾ ലംഘിക്കുകയോ പൗരന് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ ലംഘിക്കുകയോ |

| | | | |
|---|---|---|---|
| | ഉപയോഗിക്കാനല്ലെന്നുമുള്ള സുപ്രീം കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ചെയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ പോലീസ് നടത്തിയിട്ടില്ല. |
| (സി) | എങ്കിൽ പോലീസിന്റെ പ്രസ്തുത നടപടി സുപ്രീം കോടതി ഉത്തരവിന്റെ ലംഘനമല്ലേ എന്ന് വ്യക്തമാക്കാമോ? | (സി) | (ബി)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ